## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1941 05.10.2016 ലെ മറുപടിയ്ക്ക്**

### മഴയുടെ ലഭ്യത

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി.വി.ഇബ്രാഹിം:** | | **മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | ഈ വർഷം കേരളത്തിൽ സാധാരണ യായി ലഭിക്കേണ്ട മഴയുടെ അളവിൽ കുറവു വന്നതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (എ) | 2016 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ കേരളത്തിൽ ലഭിക്കേണ്ടിയിരുന്ന മഴയുടെ അളവിൽ 32 ശതമാനത്തിന്റെ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ച വിവരം അനുസരിച്ച്). |
| (ബി) | മഴയുടെ ലഭ്യതയിൽ ഗണ്യമായ കുറവുണ്ടായതിനാൽ അരുവികൾ, തോടുകൾ, നീർച്ചാലുകൾ തുടങ്ങിയ ജലസ്രോതസ്സുകളിൽ ലഭ്യമായ വെള്ളം കെട്ടി നിർത്താൻ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ജലസംരക്ഷണ പ്രവർത്തനങ്ങൾ ദീർഘകാല ലക്ഷ്യം കണക്കിലെടുത്താണ് നിർവ്വഹിച്ചു വരുന്നത്. മഴയുടെ തോതിലുണ്ടാകുന്ന കുറവ് ഒരു പരിധി വരെ പരിഹരിക്കുന്നതിനായി തടയണകൾ, കുളങ്ങളുടെ നവീകരണം തുടങ്ങിയ നിർമ്മാണ-സംരക്ഷണ പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നു. കൂടാതെ, ജലനിധി പദ്ധതി പ്രകാരം നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ കുടിവെള്ള സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുവാൻ ആവശ്യമായ തടയണകൾ അടക്കമുള്ള ഭൂഗർഭജല സംപോഷണ പ്രവൃത്തികൾ ചെയ്തുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**